ശ്രീ. സി. എ. മാത്യു : അക്കൗണ്ടിൽ ചില ഭാഗങ്ങൾ വ്യക്തമല്ലാത്തതുകൊണ്ട് മിനിമംവേജസ്സ് നടപ്പിൽവരുത്തുവാൻ പ്രയാസമുണ്ടെന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവ്യക്തത ഉണ്ടെങ്കിൽ മാറ്റാം.

ശ്രീ. ആർ. സുഗതൻ : ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള മിനിമം വേജസ്സ് കൊടുത്തിട്ടില്ലെന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിഞ്ഞുകൂടാ.

ശ്രീ. ആർ. സുഗതൻ : അതിനെ തൊഴിലാളികൾ പരാതി കൊടുത്തിട്ടുണ്ടെന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിഞ്ഞുകൂടാ.

ഹോസ്റ്റൽ ഫീസ്.

* 127. [8] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സ്റ്റേറിലെ കോളേജുകളിലെ ഹോസ്റ്റൽ ഫീസ് കഴിഞ്ഞ വർഷം എത്ര രൂപയാണ് ഈടാക്കിയത്;

(ബി) ഈ വിദ്യാലയവർഷത്തിലെ ഹോസ്റ്റൽഫീസ് നിരക്ക് എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): 1954-55, 1955-56 ഈ വർഷങ്ങളിൽ ഹോസ്റ്റലുകളുടെ ഫീസു നിരക്കു കാണിക്കുന്ന പട്ടിക * മേശപ്പുറത്തു വച്ചിരിക്കുന്നു. പട്ടിക ദീർഘമായതുകൊണ്ട് വായിക്കുന്നില്ല.

എൻ. ഇ. എസ്സ്. ബ്ലോക്കുകൾ.

* 128. [9] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സ്റ്റേറിൽ എവിടെയെല്ലാം എൻ. ഇ. എസ്സ്. ബ്ലോക്കുകൾ പ്രവർത്തനം നടത്തുന്നുവെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) എൻ. ഇ. എസ്സ്. ബ്ലോക്കുകൾ സ്ഥാപിക്കുന്നതിനു സഹായിച്ചിട്ടുള്ള മാനദണ്ഡം എന്താണ്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) സ്റ്റേറിൽ ചിറയർ, ഉഴവൂർ, മാവേലിക്കര, കൊട്ടാരക്കര, പള്ളിക്കീഴ്, തിരുവനന്തപുരം റൂറൽ, കഴക്കൂട്ടം, ആയ്യാറ്റ്, റാന്നി, ചങ്ങനാശ്ശേരി, നെന്മാറ ഈ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

*Please see Appendix I.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. ഏകദേശം അമ്പതിനായിരം മുതൽ ഒരുലക്ഷം വരെ ജനങ്ങൾ അധിവസിക്കുന്നതും അന്യോന്യം ചേർന്ന് ഒറ്റ ബ്ലാക്കായി കിടക്കുന്നതുമായിരിക്കണം.

2. അഞ്ചോ ആറോ പഞ്ചായത്തുകൾ പൂർണ്ണമായി അടങ്ങിയിരിക്കുന്ന പ്രദേശമായിരിക്കണം.

3. ബ്ലാക്കു സ്ഥാപിക്കുന്ന താലൂക്കിൽ ബാക്കിയുള്ള പ്രദേശങ്ങൾ മറ്റു ബ്ലാക്കുകളായി തിരിക്കാൻ തടസ്സമില്ലാത്തവിധത്തിൽ സ്ഥിതി ചെയ്യുന്നതായിരിക്കണം.

4. വികസനത്തിനു വേണ്ട സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

5. ജനങ്ങൾ സഹകരണമനഃസ്ഥിതിയോടുകൂടി പെരുമാറുന്നതു് നന്നായിരിക്കും.

6. ഭരണപരമായ സൗകര്യാർത്ഥം ഇപ്പോഴുള്ള ബ്ലാക്കുകൾക്കോ പ്രോജക്ടുകൾക്കോ തൊട്ട പ്രദേശങ്ങളിലായിരിക്കണം പുതിയ ബ്ലാക്കുകൾ തുടങ്ങേണ്ടതു്.

ശ്രീ. എൻ. ജി. ചാക്കോ : സംസ്ഥാനത്തു് ആകെ എത്ര ബ്ലാക്കുകൾ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നു ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതു് നേരത്തെ പ്രസ്താവിച്ചിരുന്നതാണു്. ഏകദേശം 100 ബ്ലാക്കുകൾ.

ശ്രീ. എൻ. ജി ചാക്കോ : അതിനു് പത്തുപതിനഞ്ചു കൊല്ലം വേണ്ടിവരികയില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രവർത്തനം ത്വരിതപ്പെടുത്താനാണു് ഉദ്ദേശിക്കുന്നതു്.

ശ്രീ. പ്രാക്കുളം ഭാസി : കൊല്ലം ഡിവിഷനിൽ മല്ലപ്പള്ളിയിൽ എൻ. ഇ. എസ്. ബ്ലാക്കു് സ്ഥാപിക്കണമെന്നു് ഡിസ്ട്രിക്ടു് ഡെവലപ്മെൻറു കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടായിരുന്നോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എൻ. ഇ. എസ്. ബ്ലാക്കു് മല്ലപ്പിള്ളിയിൽ സ്ഥാപിക്കാൻ ശുപാർശ ചെയ്തിരുന്നതു് റാന്നിയിലാണു് സ്ഥാപിച്ചതു്.

ശ്രീ. പ്രാക്കുളം ഭാസി : മല്ലപ്പള്ളിയിൽ സ്ഥാപിക്കണമെന്നു ശുപാർശ ചെയ്തിരുന്നതു് റാന്നിയിലേക്കു് മാറ്റാനുണ്ടായിരുന്ന കാരണമെന്താണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശുപാർശ മാറ്റുന്നതിനു് ഗവണ്മെൻറിനു് അധികാരമുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : അതു് രാഷ്ട്രീയപരിഗണനകൊണ്ടല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല. ദേശീയപരിഗണനകൊണ്ടാണു്.

ശ്രീ. പ്രാക്കുളം ഭാസി : മല്ലപ്പള്ളിയിലേക്കു് കമ്മിറ്റി ചെയ്ത ശുപാർശ മാറ്റി റാന്നിയിലേക്കു് മാറ്റി സ്ഥാപിച്ചതു് രാഷ്ട്രീയപരിഗണനകൊണ്ടാണെന്നു് ഞാൻ പറഞ്ഞാൽ അതു് സമ്മതിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് സമ്മതിക്കുവാൻ ഞാൻ തയാറില്ല.

ശ്രീ. പ്രാക്കുളം മോസി : റാന്നി, വയലാ ഇടിക്കുളയുടെ നിയോജകമണ്ഡലമാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേ.

ശ്രീ. പി. വി. അവിരാത്തരകൻ : ബ്ലാക്കുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ചു് ഉപദേശകസമിതി ഉണ്ടാക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : റാന്നിയിൽ സ്ഥാപിക്കണമെന്നു് സുപാർശചെയ്തതു് ആരാണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആരും സുപാർശ ചെയ്തില്ല

ശ്രീ. ഇടിക്കുള ഇടിക്കുള : റാന്നിയിലുള്ളവർക്കു് അവിടെ ബ്ലാക്ക വേണമെന്നു് അപേക്ഷിക്കാൻ അവകാശമില്ലേ ?

(മറുപടി ഇല്ല.)

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : മുനിസിപ്പാലിറ്റികൾ ഉള്ള സ്ഥലത്തു് ബ്ലാക്കുകൾ സ്ഥാപിക്കുകയില്ലയെന്നു പറഞ്ഞു. പക്ഷെ കർഷകപ്രധാനമായ മുനിസിപ്പാലിറ്റിയിൽ അതു് സ്ഥാപിക്കുന്നതിനെക്കുറിച്ചു് ആലോചിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കർഷകപ്രധാനമായ മുനിസിപ്പാലിറ്റി എന്നു പറയുന്നതു് പരസ്പരവിരുദ്ധമാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കർഷകപ്രധാനമായ മുനിസിപ്പാലിറ്റിയെന്നു് ഞാൻ പറഞ്ഞതു് മാവേലിക്കര മുനിസിപ്പാലിറ്റിയെക്കുറിച്ചാണു്. അവിടെ യാതൊരു വ്യവസായസ്ഥാപനങ്ങളും ഇല്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൽക്കാലം അതിനെപ്പറ്റി ഒന്നും പറയുവാൻ നിവൃത്തിയില്ല.

എൻ. ഇ. എസ്സ്. ബ്ലാക്കുകളിലെ വളം വിതരണം.

* 129. [10] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ഇ. എസ്സ്. ബ്ലാക്ക പ്രദേശങ്ങളിൽ കൃഷിക്കാർക്കു് വളം വായ്പയായി നൽകുന്നതു് എന്തു വ്യവസ്ഥയനുസരിച്ചാണെന്നു വ്യക്തമാക്കുമോ;

(ബി) ഭൂമിയില്ലാത്ത പാട്ടക്കൃഷിക്കാർക്കു് വളം, വിളവുജാമ്യത്തിൽ നൽകുമോ;

(സി) ചെറുകിടവ്യവസായം, കോഴിവളത്തൽ, നെയ്ത്തു തുടങ്ങിയവയ്ക്കു് വായ്പ നൽകി സഹായിക്കുന്നതിനുള്ള പരിപൂർണ്ണാധികാരം ബ്ലാക്ക ആഫീസർക്കു മാത്രമായി നൽകിയിരിക്കയാണോ; ബ്ലാക്ക പ്രദേശത്തെ പഞ്ചായത്തു്, കർഷകസംഘം, തൊഴിലാളിയൂണിയൻ, മഹിളാ

LIBRARY ARCHIVES Kerala Legislative Assembly